## (7) സർക്കാർ ക്വാർട്ടേഴ്സുകളിൽ സർവ്വീസിൽ നിന്നും വിരമിച്ചവർ താമസിക്കുന്നത് സംബന്ധിച്ച്

ശ്രീമതി ആർ. ലതാദേവി : സർ, നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ അനർഹരായിട്ടുള്ള പല ആളുകളും പലയിടങ്ങളിലും താമസിച്ചുവരുന്നതായിട്ടു കണ്ടുവരുന്നുണ്ട്. ഗൗരവതരമായിട്ടുള്ള ഒരു വിഷയമാണ് എനിക്ക് ബഹുമാന്യപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. സർവ്വീസിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച ആളുകൾ, വിരമിച്ച ആളുകൾ, സർവ്വീസിലുള്ള ആളുകളുടെ പേര് പറഞ്ഞുകൊണ്ട് സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുകയാണ്. ഇതുമൂലം അർഹരായിട്ടുള്ള പല ഉദ്യോഗസ്ഥൻമാർക്കും ക്വാർട്ടേഴ്സുകൾ അനുവദിച്ച് സമയത്തിന് കിട്ടുന്നില്ല. ആഫീസുകളിൽ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തിയ സന്ദർഭത്തിൽ അർഹരായ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് മാനദണ്ഡങ്ങൾ പ്രകാരം ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുന്നതിന്, അനർഹരായിട്ടുള്ള ആളുകളെ അടിയന്തിരമായി ഒഴിവാക്കേണ്ടതായിട്ടുണ്ട്. സിറ്റിയിലാണ് പ്രധാനമായും ഇത് കണ്ടുവരുന്നത്. ഗവൺമെന്റ് ആഫീസർമാരുടെ ക്വാർട്ടേഴ്സിന്റെ കാര്യവും ഇതിൽ നിന്നും ഒട്ടും ഭിന്നമല്ല. ഉദാഹരണത്തിന് കൊല്ലം തേവള്ളിയിലുള്ള ആഫീസേഴ്സ് ക്വാർട്ടേഴ്സിൽ സ്ഥലം മാറ്റം കിട്ടിയവരും കൊല്ലം നഗരത്തിൽ തന്നെ വീടുള്ളവരും സർവ്വീസിൽ നിന്ന് വിരമിച്ച ആളുകളും അവിടെ ഓക്കുപൈ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത് ഇക്കാര്യത്തിൽ അടിയന്തിരമായി ഒരു അന്വേഷണം നടത്തുകയും ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്തുകൊണ്ട് അർഹരായിട്ടുള്ള ഗവൺമെന്റ് ജീവനക്കാർക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നിലവിലുള്ള ചട്ടങ്ങൾക്കുവിധേയമായിട്ടാണ് ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത്. ചട്ടപ്രകാരം സർവ്വീസിൽ നിന്നും വിരമിച്ചവരും സ്ഥലമാറ്റം ലഭിച്ചവരും മുൻകൂർ അപേക്ഷിക്കുന്ന പക്ഷം ആറ് മാസം വരെ തുടർന്ന് താമസിക്കുന്നതിന് അനുവാദം നൽകാറുണ്ട്. അർഹമായ കേസിൽ ഗവൺമെന്റിൽ നിഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് കാലാവധി നീട്ടിക്കൊടുക്കാറുണ്ട്. അനധികൃതമായി ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ പേരിൽ ജില്ലാകളക്ടർ നിയമപ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു. അതിന് കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly